# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3849      15.12.2014-ൽ മറുപടിയ്ക്ക്

### ഓപ്പറേഷൻ കുബേര

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.രാജു<br>ശ്രീ.കെ.അജിത് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര എന്നുമുതലാണ് നടപ്പാക്കിയത്; ഈ പദ്ധതി പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റ് ചെയ്തു; എത്ര കേസ്സുകൾ ഇതുവരെയായി ചാർജ്ജ് ചെയ്ത് കോടതിയിലെത്തി; വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് 11.05.2014 മുതലാണ് 'ഓപ്പറേഷൻ കുബേര' നടപ്പിലാക്കിയത്. ഈ പദ്ധതി പ്രകാരം 2925 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2161 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 1467 കേസുകളിൽ കുറ്റപത്രം കോടതികളിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ബ്ലേഡ് മാഫിയയുടെ പ്രവർത്തനം മൂലം ഇതിനകം സംസ്ഥാനത്ത് എത്ര മരണങ്ങളുണ്ടായി; വിശദമാക്കാമോ; | (ബി) ബ്ലേഡ് മാഫിയയുടെ പ്രവർത്തനം മൂലം ഇതിനകം സംസ്ഥാനത്ത് 17 മരണങ്ങളുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (സി) ഓപ്പറേഷൻ കുബേരയുടെ രണ്ടാം ഘട്ടം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ രണ്ടാം ഘട്ടത്തിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) ഓപ്പറേഷൻ കുബേരയുടെ രണ്ടാം ഘട്ടം 17.09.2014 മുതൽ ആരംഭിച്ചിട്ടുണ്ട്. അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തു വകകളും മുദ്രപ്പത്രങ്ങളും ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തു വകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ ഈ പദ്ധതി പ്രകാരം തുടരെത്തുടരെയുള്ള റെയ്ഡുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയും കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്ത് ആരംഭിച്ച ഓപ്പറേഷൻ കുബേര പരാജയപ്പെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| പോലീസ് ജില്ലകൾ | മരണപ്പെട്ടവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം സിറ്റി | 5 |
| തിരുവനന്തപുരം റൂറൽ | 5 |
| കൊല്ലം സിറ്റി | 0 |
| കൊല്ലം റൂറൽ | 1 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 0 |
| കോട്ടയം | 0 |
| ഇടുക്കി | 0 |
| എറണാകുളം സിറ്റി | 0 |
| എറണാകുളം റൂറൽ | 0 |
| തൃശ്ശൂർ സിറ്റി | 0 |
| തൃശ്ശൂർ റൂറൽ | 0 |
| പാലക്കാട് | 4 |
| മലപ്പുറം | 0 |
| കോഴിക്കോട് സിറ്റി | 0 |
| കോഴിക്കോട് റൂറൽ | 1 |
| വയനാട് | 0 |
| കണ്ണൂർ | 0 |
| കാസർഗോഡ് | 1 |
| റെയിൽവേ | 0 |
| ആകെ | 17 |

സെക്ഷൻ ഓഫീസർ